സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്

90 (1830) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഇനത്തിൽ ഒരു വർഷം എത്ര രൂപയുടെ ചെലവ് വരുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സമ്പ്രദായം അവസാനിപ്പിച്ച് സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കണമെന്ന് 10-ാം ശമ്പളപരിഷ്കരണ കമ്മീഷൻ ശിപാർശ നൽകിയിരുന്നോ; വിശദാംശം അറിയിക്കുമോ;

(സി) ജീവനക്കാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് നിലവിലുള്ള സംവിധാനത്തേക്കാൾ ലാഭകരമാണോ എന്നത് സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ജീവനക്കാർക്ക് സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്തി ഒരു സമഗ്ര മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിലുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവിധ വകുപ്പുതലവന്മാർ ലഭ്യമാക്കിയ കണക്കനുസരിച്ച് സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ 2014-15 സാമ്പത്തിക വർഷം 43.39 കോടി രൂപ ചെലവായി.

(ബി) സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കണമെന്ന് പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ രണ്ടാംഘട്ട റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്.

(സി &ഡി) പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ രണ്ടാംഘട്ട റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 20-2-2016-ലെ സ.ഉ. (അച്ചടി) നമ്പർ നമ്പർ 07/2016/ധന. പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായും അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം), അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം), സെക്രട്ടറി (പൊതുഭരണം), സെക്രട്ടറി (ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം), ഡയറക്ടർ ജനറൽ (ഐ.എം.ജി.) എന്നിവർ അംഗങ്ങളായും പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ എക്സ്പെൻഡിച്ചർ) കൺവീനറായും ഉള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ സർക്കാർ മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly